ബസ് ഉടമകളും യാത്രക്കാരിൽനിന്നു ഈടാക്കുന്നതുമാണെന്നു പറയുന്നു. അങ്ങനെ ആശങ്ക പ്രകടിപ്പിക്കേണ്ട കാര്യമൊന്നുമില്ല. ഈ നിയമം ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിന് എല്ലാവരും സഹകരിക്കുകയാണ് വേണ്ടത്.. അതിനുപകരം മറുതരത്തിൽ, പൊതുജനങ്ങളെ പ്രകോപിപ്പിക്കുമെന്നെല്ലാം പറയുന്നത് പരസ്പര വിരുദ്ധമായ കാര്യങ്ങളാണ്.

ശ്രീ. എം. കെ. എ. ഹമീദ്: മലബാറിൽ ഇപ്പോഴത്തന്നെ ബസ് ചാർജ് വർദ്ധിപ്പിച്ചിരിക്കുന്നു എന്നുള്ള വസ്തുത ചൂണ്ടിക്കാണിച്ചിട്ട് അതിനു മറുപടിയൊന്നും പറഞ്ഞില്ല.

ശ്രീ. കെ. എം. ജോർജ്: ബഹുമാനപ്പെട്ട ഹമീദ് പത്രത്തിൽ വായിച്ചു കേട്ടപ്പോഴാണ് ഞാൻ ഈ കാര്യം അറിയുന്നത്.

The question that the Kerala Motor Vehicles (Taxation of Passengers and Goods) (Amendment) Bill, 1970 be finally passed was put and carried.

The Bill was finally passed.

The Kerala Industrial Employees' Payment of Gratuity Bill, 1970.

Minister for Industries and Labour (**Shri P. Ravindran**): Sir, I move that the Kerala Industrial Employees' Payment of Gratuity Bill, 1970 as reported by the Select Committee, be taken into consideration.

Minister for Education and Home (**Shri C. H. Mohammed Koya**): Sir, I second it.

ശ്രീ. ടി. കെ. കൃഷ്ണൻ: ഒരു പായിൻറ് ആഫ് ആർഡർ. ഒരു സെലക്ടുകമ്മിറ്റി റിപ്പോർട്ട് പരിഗണിക്കുന്നതു സംബന്ധിച്ച് നിയമത്തിന്റെ ചട്ടങ്ങളിൽ ചില കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. പരിഗണനയ്ക്കു മുൻപായി മൂന്നു ദിവസത്തെ നോട്ടീസ് വേണമെന്നുണ്ട്. ഇതിന്റെ സെലക്ടുകമ്മിറ്റി റിപ്പോർട്ട് ഞങ്ങൾക്ക് ലഭിച്ചത് ഇന്നലെയാണ്. ഇതു വളരെ പ്രധാനപ്പെട്ട ഒരു നിയമമാണ്. ഞങ്ങൾക്ക് അതു വായിച്ചു പഠിക്കാൻ സമയം കിട്ടിയിട്ടില്ല. വളരെ പ്രധാനപ്പെട്ട പല ഭേദഗതികളും കൊടുക്കേണ്ടതുണ്ട്. അതിനുള്ള അവസരം തരണം. ഇതു പെട്ടെന്നു ചർച്ചയ്ക്കായി എല്ലാ നിബന്ധനകളും അവഗണിച്ചുകൊണ്ട് എടുക്കുന്നതു ശരിയല്ല.

ഡെപ്യൂട്ടി സ്പീക്കർ: 26-ാം തീയതി സർക്കുലേറ്റ് ചെയ്തു.

ശ്രീ. ടി. കെ. കൃഷ്ണൻ: ഞങ്ങൾക്ക് കിട്ടിയിട്ടുള്ളത് ഇന്നലെയാണ്.

Shri C. B. Chandrasekhara Warrier: Sir, it was received only yesterday.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: 26-ാം തീയതി ഹാളിഡേയായിരുന്നു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കോപ്പീസ് 4-ന് അമെൻറ്മെൻറു കൊടുത്തു. അതുപോലും പ്രിൻറു ചെയ്തു വന്നിട്ടില്ല. അതുകൊണ്ട് ഇതിനു നോർമലായിട്ട് മൂന്നുദിവസത്തെ നോട്ടീസ് ആവശ്യമാണ്. അതു കിട്ടിയിട്ടില്ല.

ഡെപ്യൂട്ടി സ്പീക്കർ: 26-ാം തീയതി അയച്ചതാണ്.

ശ്രീമതി. കെ. ആർ. ഗൗരി: അയച്ചതുകൊണ്ട് കാര്യമായില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. കൃഷ്ണൻ: 26-ാം തീയതി ഹാളിഡേ ആയിരുന്നു; അന്നുമെമ്പറൻമാർ ഉണ്ടായിരുന്നില്ല. ഞങ്ങൾക്ക് കിട്ടിയത് 27-ാം തീയതിയാണ്. നിയമത്തിന്റെ ചട്ടങ്ങൾ അനുശാസിക്കുന്ന നോട്ടീസ് ഇതിനില്ല. മൂന്നുദിവസത്തെ ക്ളീയർ നോട്ടീസുവേണം. അതുകൊണ്ട് ഇതിന്റെ പരിഗണന മറെറാരു ദിവസത്തേക്കു മാറിവയ്ക്കണം.

ഡെ. സ്പീക്കർ: 29-ാം തീയതി അയച്ചാലും മൂന്നു ക്ളിയർ ദിവസം ആകുന്നില്ലെന്നുള്ളത് ഞാൻ അഡ്മിറ്റു ചെയ്യുന്നു.

ശ്രീ. പി. രവീന്ദ്രൻ: ഈ ബിൽ സെലക്ട്കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള അഭിപ്രായഗതി ഈ സഭയിൽ ഉണ്ടായതുകൊണ്ടാണ് അതിനെ മാനിച്ച് സെലക്ടുകമ്മിറ്റിക്ക് വിടാൻ സമ്മതിച്ചത്. സെലക്ടുകമ്മിറ്റിയിലെ അംഗങ്ങൾ ഇതു വളരെവേഗം പാസാക്കുമെന്നുള്ള അഭിപ്രായം പ്രകടിപ്പിച്ചു എന്നു മാത്രമല്ല, ഭേദഗതികളും വരുത്തിയിട്ട് ഐകകണ്ഠ്യേനയുള്ള ഒരു റിപ്പോർട്ടാണ് സഭയുടെ മുൻപിൽ ഹാജരാക്കിയിട്ടുള്ളത്. പൊതുവേ സെലക്ടുകമ്മിറ്റിയുടെ അഭിപ്രായംതന്നെ ഇതുകഴിയുന്നതുംവേഗം പാസ്സാക്കി നിയമമാക്കണമെന്നായിരുന്നു. എല്ലാ കക്ഷികളിലുംപ്പെട്ട അംഗങ്ങൾ വിശേഷിച്ച് ട്രേഡ്യൂണിയൻ പാരമ്പര്യമുള്ള ആളുകൾ ഉൾപ്പെട്ട സെലക്ടുകമ്മിറ്റിയാണ് ഈ ബിൽ പരിശോധിച്ചത്. പല മെമ്പറൻമാരും ഭേദഗതികൾ കൊടുക്കുകയും ചെയ്തിട്ടുണ്ട്. മൂന്നുദിവസത്തെ നോട്ടീസ് വേണമെന്നുള്ള ചട്ടത്തിൽനിന്ന് ഈ ബില്ലിനെ ഒഴിവാക്കിത്തരണമെന്ന് ഈ രാജ്യത്തിലെ തൊഴിലാളി വർഗ്ഗത്തിന്റെ പേരിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

Mr. Deputy Speaker: I think you may not seriously object to it.

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): സർ, ഈ സെലക്ടുകമ്മിറ്റിയിൽ വളരെ സാരമായ ഭേദഗതികളൊന്നും

12 Noon. മൗലികമായ ഭേദഗതികളൊന്നും ഈ ബില്ലിനകത്തു വരുത്തിയിട്ടില്ല. പ്ലാന്റേഷൻ ലേബർ ആക്ടു ബാധകമാക്കി പ്ലാന്റേഷനിൽ ഈ ഗ്രാറ്റുവിറ്റി നിയമവും ബാധകമാക്കാമെന്നു പറഞ്ഞിരുന്നു. എന്നാൽ പ്ലാന്റേഷൻ ലേബർ ആക്ടിലെ ചില നിയമങ്ങളനുസരിച്ച് 30 തൊഴിലാളികളുടെ, 25 ഏക്കറിലേക്ക് 30 തൊഴിലാളികൾ അതിനകത്തു വേണമെന്നാണ് വ്യവസ്ഥ. 30 തൊഴിലാളികൾ വേണമെന്നുള്ളതിൽ ചിലപ്പോൾ 150 ഏക്കർവരെ ചിലപ്പോൾ ഈ പ്ലാന്റേഷനിൽ വേണ്ടിവരും. 25 ഏക്കർ അല്ലെങ്കിൽ പത്തുതൊഴിലാളികൾ പണി എടുക്കുന്ന പ്ലാന്റേഷനിൽ എന്ന രീതിയിൽ ഇതിലൊരു ഭേദഗതി വരുത്തിയിട്ടുണ്ട്. ഇത് ഐകകണ്ഠ്യേന വരുത്തിയ ഒരു ഭേദഗതിയാണ്. പിന്നെ മോട്ടോർ ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ്സിലും അതുപോലെ ബീഡി ആൻറ് സിഗാർ വ്യവസായത്തിലും ഈ ആക്ട് ബാധകമാക്കണമെന്ന അഭിപ്രായമുണ്ടായി. അതും കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. പത്തോ അതിലധികമോ തൊഴിലാളികൾ പണി എടുക്കുന്നബീഡി ആൻറ് സിഗാർ വ്യവസായസ്ഥാപനംമാത്രം ഉൾപ്പെടുത്തിയാൽ മതിയെന്നും ഇതിനകത്തു വ്യവസ്ഥ ചെയ്തിട്ടുണ്ട്. വേജസ് എന്നുള്ളതിന്റെ നിർവചനം ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിൽ നിന്നും ചേർത്തിട്ടുണ്ട്. ഇതിനകത്ത് ചില്ലറ ഭേദഗതികൾ കാൺസികൻഷ്യലായിട്ടു വന്നിട്ടുണ്ട്. സൂപ്പർ ആനുവേഷൻ പ്രായപരിധി 58 എന്നു വച്ചിരുന്നത് 60 ആക്കി മാറിയിട്ടുണ്ട്. മറ്റു സാരമായ ഭേദഗതികളൊന്നും ഇതിനകത്തു വരുത്തിയിട്ടില്ല. ഇത് സെലക്ടുകമ്മിറ്റിയുടെ ഐകകണ്ഠ്യേനയുള്ള ഒരു റിപ്പോർട്ടാണ്. ഇത് പരിഗണനയ്ക്കെടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ഈ സെലക്ടുകമ്മിറ്റി റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുന്നതിന് റൂളിലെ 3 ദിവസമെന്നുള്ളത് വേയ്വു ചെയ്യണമെന്നു ബഹുമാനപ്പെട്ടമന്ത്രി തൊഴിലാളി വർഗ്ഗത്തിന്റെ പേരിൽ ഒരു അഭ്യർത്ഥന നടത്തുകയുണ്ടായി. തൊഴിലാളി വർഗ്ഗത്തിന്റെപേരിൽ 3 ദിവസത്തെ നോട്ടീസ് വേയ്വു ചെയ്യണമെന്നു പറയുമ്പോഴും ഇത് ഈ രീതിയിൽ ഇത്രയും കാലതാമസമില്ലാതെതന്നെ നേരത്തെ പരിപാടി ഇട്ടിരുന്നതനുസരിച്ച് സമയത്തു നിയമസഭ വിളിച്ചുകൂട്ടാൻ കഴിഞ്ഞിരുന്നെങ്കിൽ പണ്ടതാനും ആഴ്ച കഴിക്കുമുമ്പേ ഇതു പാസ്സാക്കി നിയമമാക്കാൻ കഴിയുമായിരുന്നു എന്നുള്ള സ്ഥിതി മറച്ചുവച്ചുകൊണ്ട് ഇന്നിപ്പോഴും തൊഴിലാളി വർഗ്ഗത്തിന്റെ പേരിൽ നോട്ടീസ് കൊടുത്തു വേണ്ട രീതിയിൽ കൂലംകഷമായി പരിശോധിക്കാനുള്ള അവസരം.....

(Shri M. Moideenkutty Haji in the Chair.)

ശ്രീ. പി. രാമലിംഗം: രണ്ടരക്കൊല്ലക്കാലം ഭരണത്തിൽ ഇരുന്നകാലത്തു ചെയ്യാമായിരുന്നില്ലേ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: രണ്ടരക്കൊല്ലം ബഹുമാനപ്പെട്ട രാമലിംഗം ഭരണപക്ഷത്ത് അല്ലായിരുന്നു എന്നുള്ള വിവരം ഇപ്പോഴാണ് മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട രാമലിംഗം ഭരണകക്ഷിയിൽ ആയിരുന്നു എന്നാണ് ഇതുവരെ ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഇപ്പോഴെങ്കിലും ഭരണകക്ഷിക്കകത്ത് പ്രതിപക്ഷമായിട്ട് പ്രവർത്തിക്കുകയായിരുന്നു വലതു കമ്മ്യൂണിസ്റ്റുപാർട്ടി എന്നു പലപ്പോഴും ഞങ്ങൾ പറഞ്ഞ അവസരത്തിൽ അതു ശരിയല്ലെന്നു പറഞ്ഞിരുന്ന ആളുകൾ ഇപ്പോൾ ഭരണകക്ഷിക്കകത്ത് പ്രതിപക്ഷമായി പ്രവർത്തിച്ചു എന്നു സമ്മതിച്ചാൽ തീർച്ചയായും സന്തോഷമുണ്ട്.

ശ്രീ. പി. രാമലിംഗം: ആ ദുസ്സൂചന നിഷേധിക്കുന്നു. അപ്പോഴെല്ലാം ഇത് നിയമസഭയിൽകൊണ്ടുവരണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: നിയമസഭ വിളിച്ചുകൂട്ടിയിരുന്നെങ്കിൽ പാസ്സാക്കാൻ കഴിയുമായിരുന്നു എന്നു വളരെ വ്യക്തമായിത്തന്നെ ജനങ്ങൾക്കു ബോധ്യമുണ്ട്. ഇതിനെക്കുറിച്ചു കൂടുതലായി സംസാരിക്കേണ്ട കാര്യമില്ല. ഈ സെലക്ടുകമ്മിറ്റി റിപ്പോർട്ട് ന്യായമായ രീതിയിൽ പരിശോധിക്കാനുള്ള സമയം കൊടുക്കേണ്ടതില്ലെന്നുള്ള വാദം ശരിയല്ല. ഇപ്പോഴത്തന്നെ ഞാൻ ഒരു ഭേദഗതി കൊടുത്തിട്ടുണ്ട്. ആ ഭേദഗതി 3 ദിവസം സെലക്ടു കമ്മിറ്റി റിപ്പോർട്ടിന്റെ പരിഗണനയ്ക്കു വന്നിട്ടുള്ള റൂൾ വേയ്വു ചെയ്തപോലെതന്നെ 'വൺഡേ' ക്ലിയർ നോട്ടീസ് വേണം. ഈ ഭേദഗതി ആക്ടു പരിഗണനയ്ക്കെടുക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

Mr. Chairman: That has been included here.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കോപ്പി എനിക്കു കിട്ടിയിട്ടില്ല.

ശ്രീ. ടി. എ. മജീദ്: ഇതിന്റെ കൂട്ടത്തിലുണ്ട്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: എനിക്കു കിട്ടിയിട്ടില്ല. ഭരണകക്ഷിക്കാർക്കുമാത്രം കിട്ടിയോ എനിക്കറിഞ്ഞുകൂടാ.

ശ്രീ. ടി. എ. മജീദ്: പറന്നുപോയിക്കാണും.

ശ്രീമതി. കെ. ആർ. ഗൗരി: ഇതിനകത്തു പറക്കുകയൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ശ്രീ. മജീദ് ഇരുന്നുകൊണ്ട് റണ്ണിംഗ് കമന്ററി നടത്തുന്നു എനിക്ക് സംസാരിക്കാമോ?

ശ്രീ. ചെയർമാൻ: അങ്ങനെ പറയേണ്ട കാര്യമില്ല. മെമ്പർക്ക് സംസാരിക്കാം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ ബില്ലിൽ സെലക്ടുകമ്മിറ്റി വരുത്തിയിട്ടുള്ള ഭേദഗതികളെല്ലാംതന്നെ ഐകകണ്ഠ്യേന വരുത്തിയിട്ടുള്ള ഭേദഗതികളെയെല്ലാംതന്നെ ഞാൻ അനുകൂലിക്കുകയാണ്. ഈ ഭേദഗതികളെല്ലാംതന്നെ ഈ നിയമത്തെ കൂടുതൽ സംപുഷ്ടമാക്കിയിട്ടുണ്ട്. എന്നാൽ അതോടൊപ്പം പരിഗണിക്കേണ്ടിയിരുന്ന ഈ ബില്ലിൽ കഴിഞ്ഞദിവസത്തെ പൊതു ചർച്ചയിൽ ഉയർന്നുവന്ന മറ്റൊരു വിമർശനം ഒഴിവാക്കുന്നതിനുവേണ്ടി ഒരു ഭേദഗതി കൂടി അംഗീകരിക്കേണ്ടതുണ്ട് എന്നുള്ളതാണ് എന്റെ ഭേദഗതി. അതായത് ക്ലാസ് 4 ഗ്രാറ്റുവിറ്റിയുടെ തുകയെ സംബന്ധിച്ചും, ഗ്രാറ്റുവിറ്റി കൊടുക്കുന്നതിനെ സംബന്ധിച്ചും വ്യവസ്ഥ ചെയ്യുന്നതാണ്. The gratuity shall be payable to an employee (a) on his Superannuation.

മി. ചെയർമാൻ: ഇത് ക്ലാസ് 4–നെ സംബന്ധിച്ചു പറയുന്ന സമയത്തു പറഞ്ഞാൽപ്പോരേ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സെലക്ടുകമ്മിറ്റി പരിഗണിക്കേണ്ടതായിരുന്നു എന്നു പറയുകയാണ്. ക്ലാസ് 4–അനുസരിച്ച് മാക്സിമം 15 ദിവസത്തിനപ്പുറം ഗ്രാറ്റുവിറ്റി തുക വരാൻ പാടില്ലെന്നുണ്ട്, ഇതു കുടുതൽ സർവ്വീസുള്ള ആളുകളെ ശിക്ഷിക്കുന്ന ഒരു നീക്കമാണ്. അതുകൊണ്ട് മിനിമം 5 വർഷത്തെ സർവ്വീസുള്ള ആളുകൾക്കും ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ടെന്നുള്ള വ്യവസ്ഥ തീർച്ചയായും മിനിമം ഇത്രകൊല്ലമെങ്കിലും സർവ്വീസ് വേണമെന്ന വ്യവസ്ഥ വരുത്തിയത് കുറേയെക്കെ ബുദ്ധിമുട്ട് ഉണ്ടാക്കുമെങ്കിലും അതിനെ അനുകൂലിക്കാം. എന്നാൽ സർവ്വീസ് കൂടുതൽ ഉണ്ടെന്നതിന്റെ പേരിൽ ഒരാൾക്ക് അതിനനുസരണമായി കിട്ടേണ്ട ആനുകൂല്യങ്ങൾ കിട്ടാൻ പാടില്ലെന്നു വ്യവസ്ഥ ചെയ്യുന്നതു ശരിയല്ല. എല്ലാ നിയമത്തിലും ഇങ്ങനെ മാക്സിമം ഫിക്സ് ചെയ്തിട്ടുണ്ട്. അതിന്റെ ആവശ്യകത മനസ്സിലാകുന്നില്ല. കാരണം സൂപ്പറാനുവേഷൻ 60 വയസ്സെന്നു വച്ചിട്ടുണ്ട്, 60 വയസാകുമ്പോൾ അയാൾക്ക് 40 കൊല്ലത്തെ സർവ്വീസുണ്ടെങ്കിൽ എന്തുകൊണ്ട് 20 മാസത്തെ തുക ഗ്രാറ്റുവിറ്റിയായി കൊടുത്തുകൂടാ. അതുകൊണ്ട് മാക്സിമം ഒരുവർഷത്തേക്ക് 15 ദിവസം എന്നുവച്ചിരിക്കുന്ന പ്രൊവിഷൻ എടുത്തുമാറ്റേണ്ടതാണ്. മാക്സിമം വ്യവസ്ഥ ചെയ്യേണ്ട ആവശ്യമില്ല. ഒരുകൊല്ലത്തെ സർവ്വീസിൽ 15 ദിവസത്തെ ശമ്പളമെന്നുള്ളത് ജീവിതത്തിൽ എത്രവർഷത്തെ സർവ്വീസുണ്ടെങ്കിലും അത്രയും വർഷത്തെ സർവ്വീസിനനുസരണമായ രീതിയിൽ ഗ്രാറ്റുവിറ്റി കൊടുക്കണം. ഇതൊരു പ്രധാനപ്പെട്ട ഭേദഗതിയാണ്. ഈ ഭേദഗതികൂടി സെലക്ടുകമ്മിറ്റി വരുത്തേണ്ടതായിരുന്നു. സെലക്ടുകമ്മിറ്റി ഈ ഭേദഗതിവരുത്തിയിട്ടില്ലാത്തതുകൊണ്ട് ഇതിന്റെ രണ്ടാം വായനയിൽ ഈ ഭേദഗതി സ്വീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

പിന്നെ ബഹുമാനപ്പെട്ട മന്ത്രി നോട്ടീസു കൊടുത്തിട്ടുള്ള ഒന്നു രണ്ടു ഭേദഗതികളുണ്ട്. അതിൽ ഒരു ഭേദഗതിയെസംബന്ധിച്ച് ഈ അവസരത്തിൽ പറയുന്നില്ലെങ്കിലും ഈ ഭേദഗതി അംഗീകരിച്ചാൽ വളരെയധികം ദോഷമുണ്ടാകുമെന്നുള്ള കാര്യംകൊണ്ട് ഈ ഭേദഗതി അവതരിപ്പിക്കാതിരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ശ്രമിച്ചാൽ കൊള്ളാമെന്ന് നേരത്തേതന്നെ പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കണ്ണൻ: സർ, ഈ ബില്ലിന്റെ സെലക്ടുകമ്മിറ്റിസ്റ്റേജിൽ കാര്യമായ ചില മാറ്റങ്ങളും ഇതിൽ വരുത്താൻ സാധിച്ചിട്ടുണ്ടെന്നുള്ളതു സന്തോഷാവഹമായ സംഗതിയാണു്. തൊഴിലാളികളെസംബന്ധിച്ചിടത്തോളം ആദ്യം ഉദ്ദേശിച്ച ബില്ലുകൊണ്ടു് കിട്ടാനിടയുള്ള ഗ്രാറ്റുവിറ്റി ആനുകൂല്യം കൂടുതൽ വിപുലമായ രീതിയിൽ വ്യവസ്ഥ ചെയ്യുന്ന ചില ഭേദഗതികളും ഇതിൽ വരുത്തിയിട്ടുണ്ടു്. എന്നിരുന്നാലും ഞങ്ങളുടെ ഗാഢമായ പരിശോധനക്കു് വിധേയമാകാത്ത ചില ന്യൂനതകളും ഇപ്പോഴും ഈ ബില്ലിലുണ്ടെന്നാണു് ഈ ബിൽ അവസാനമായി കിട്ടിയപ്പോഴും കാണാൻ സാധിച്ചിട്ടുണ്ടു്. കംപ്ലീറ്റ് ഇയർ ഓഫ് സർവ്വീസ് എന്നു പറയുന്നതിൽ ചില മാറ്റങ്ങൾകൂടി വേണ്ടിയിരുന്നു എന്നാണു് എനിക്കു തോന്നുന്നതു്. ഇതിൽ ലീവു്, സ്ട്രൈക്കു്, സിക്കു്നസ്, ആക്സിഡന്റ്, ലോക്കൗട്ടു് എന്നു പറയുന്ന ഭാഗത്തു സസ്പെൻഷൻ തൊഴിലാളികളുടെ ഇടക്കിടക്കു് ബാധിച്ചുകൊണ്ടിരിക്കുന്ന സംഗതിയാണു്. സസ്പെൻഷൻ ബ്രേക്കു് ഓഫ് സർവ്വീസായി കണക്കിലെടുക്കുകയില്ലേ എന്നു് ഇപ്പോഴും ഞാൻ സംശയിക്കുന്നു. സസ്പെൻഷൻ പണിഷ്മെന്റാണെങ്കിൽ അതു് ബ്രേക്കു് ഓഫ് സർവ്വീസായി കണക്കാക്കും. Suspension until further orders; എന്നു പറഞ്ഞാൽ സസ്പെൻഷനാണെങ്കിലും ബ്രേക്കു് ഓഫ് സർവ്വീസായി കണക്കാക്കും. അതു വരാത്തരീതിയിൽ ഈ ബില്ലു പാസാക്കാൻ ഗവൺമെന്റ് ശ്രമിക്കണമെന്നാണു് എന്റെ അഭിപ്രായം. സെലക്ടുകമ്മിറ്റി മറ്റു കാര്യമായ ഭേദഗതികളും വരുത്തിയിട്ടുണ്ടെന്നും കൂടുതൽ സംപുഷ്ടമാക്കിയിട്ടുണ്ടെന്നും വേഗംതന്നെ പാസ്സാക്കണമെന്നുമാണു് ഞങ്ങളും ആഗ്രഹിക്കുന്നതു്.

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ:) സർ, ഈ ബില്ലു് നേരത്തെ അവതരിപ്പിച്ചു പാസാക്കാമായിരുന്നു എന്നു ശ്രീ. സി. ബി. സി. വാര്യർ പറഞ്ഞകാര്യത്തിലേക്കു് പ്രവേശിക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഇതൊക്കെ ഈ സഭയിൽ പല പ്രാവശ്യവും ചർച്ച ചെയ്തിട്ടുള്ള കാര്യമാണു്. പ്രധാനമായി ഉന്നയിച്ച ഒരു കാര്യം ഗ്രാറ്റുവിറ്റിക്കു് പരമാവധി ഒരു ലിമിറ്റു് വച്ചതിനെസംബന്ധിച്ചാണു്. ക്ലാസ് 4-ന്റെ പ്രൊവൈസൊ എടുത്തുകളയണമെന്നുള്ള ശ്രീ. സി. ബി. സി. യുടെ ഭേദഗതിയെ ആസ്പദമാക്കിയാണു് അദ്ദേഹം പറഞ്ഞതു്.

Provided that the maximum amount of gratuity payable to an employee shall not exceed fifteen month's wages.

എന്നൊരു ലിമിറ്റു വച്ചിട്ടുണ്ടു്. ആ ലിമിറ്റ് എടുത്തുകളയണമെന്നു അഭിപ്രായഗതി സെലക്ടുകമ്മിറ്റിയിലും ചർച്ചചെയ്യപ്പെട്ടതാണു്. ഇൻഡ്യയിൽ ആദ്യമായി ഇത്തരം ഒരു നിയമനിർമ്മാണം നടന്നതു് കേരളത്തിലാണു്. നമ്മുടെ രാജ്യത്തുള്ള വ്യവസായങ്ങളുടെ സാമ്പത്തികസ്ഥിതി പരിശോധിച്ചുനോക്കിയാൽ വ്യവസായങ്ങൾക്കു താങ്ങാൻ കഴിയാത്തവിധത്തിലുള്ള ഒരു നിയമനിർമ്മാണം ആദ്യമായി നടത്തരുതെന്ന ഒരു അഭിപ്രായഗതിയും ഉണ്ടായിരുന്നു. നമ്മുടെ രാജ്യത്തുള്ള വ്യവസായങ്ങളുടെ സ്ഥിതി നമുക്കറിയാം. പല വ്യവസായങ്ങളും വളരെ ബുദ്ധിമുട്ടും പ്രയാസങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നുണ്ടു്. ഇത്തരം പ്രയാസങ്ങൾ ഇല്ലാതാക്കുന്നതിനാണു് നിയമനിർമ്മാണം നടത്തിയതു്. ഒരു തൊഴിലാളി ഒരു തൊഴിൽശാലയിൽ പണി എടുത്തതിനുശേഷം പിരിഞ്ഞുപോകുന്ന ഒരു തൊഴിലാളിക്കു് വേതനം നൽകണമെന്നുള്ള സദുദ്ദേശത്തോടുകൂടിയാണു് നിയമനിർമ്മാണം നടന്നതു്. വ്യവസായശാലകൾ നിലനിറുത്തണമെന്നുള്ളതു് തൊഴിലാളികളുടെ അവശ്യമാണു്. വ്യവസായശാലകൾക്കു് താങ്ങാൻ കഴിയാത്ത ഭാരം ഏൽപ്പെടുത്തുന്നതു് ശരിയായിരിക്കുമോ ഇല്ലയോ എന്നുള്ള കാര്യത്തെസംബന്ധിച്ചിടത്തോളം വിശദമായി ചർച്ച ചെയ്തു. അതിനുശേഷമാണു് ഭേദഗതികളൊന്നും വരുത്തേണ്ട എന്നു തീരുമാനിച്ചതു്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായരംഗം പുരോഗമിച്ചുവരുമ്പോഴും, വ്യവസായങ്ങളെല്ലാം ശരിയായ സാമ്പത്തികാടിസ്ഥാനത്തിൽ വളർന്നുവരുമ്പോഴും ഇതു ഭേദഗതി ചെയ്യുകയും നിയമം കൂടുതൽ നന്നാക്കാൻ കഴിയുന്നതുമാണ്. ഇന്നത്തെ കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ലിമിറ്റ്സ് വേണമെന്നുള്ള അഭിപ്രായഗതിയാണ് സെലക്ടുകമ്മിറ്റിയിൽ ഉണ്ടായത്. ഇത് ശരിയാണെന്നാണ് ഇപ്പോഴും ഗവൺമെന്റിനു തോന്നുന്നത്.

മറ്റൊരു കാര്യം ശ്രീ. കണ്ണൻ പറഞ്ഞത് സസ്പെൻഷനെ സംബന്ധിച്ചാണ്. സസ്പെൻറു ചെയ്താൽ ആ സമയം ബ്രേക്ക് ഓഫ് സർവ്വീസ് ആവുകയില്ലേ എന്നാണ് അദ്ദേഹം ചോദിച്ചത്. സസ്പെൻഷൻ കൺഫേം ചെയ്യുന്നതുവരെ ഒരു പണിഷ്മെൻറല്ല. പണിഷ്മെൻറ് സസ്പെൻഷൻ എർപ്പെടുത്തിയാൽപോലും ഇത് ബ്രേക്ക് ഓഫ് സർവ്വീസ് ആവുകയില്ല. അതുകൊണ്ട് ഇത്തരം ഭീതിക്ക് അവകാശമുണ്ടെന്നുതോന്നുന്നില്ല. ഈ ബില്ല് പ്രായോഗികമായിവരുമ്പോഴും എന്തെങ്കിലും ഭേദഗതി ആവശ്യമായിവരികയാണെങ്കിൽ അന്ന് മാറ്റം വരുത്താം. ഏതായാലും ഈരണ്ടു കാര്യങ്ങളാണ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ശ്രീ. സി. ബി. സി. വാര്യർ അദ്ദേഹത്തിന്റെ ഭേദഗതി ക്ലാസ് വരുമ്പോഴും മൂവു ചെയ്യുകയില്ലെന്നു തന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഈ ബില്ല് പാസാക്കിത്തരണമെന്ന് ഞാൻ വീണ്ടും അപേക്ഷിക്കുകയാണ്.

The question that the Kerala Industrial Employees Payment of Gratuity Bill, 1970 be taken into consideration was put and carried.

Clause 2

Shri P. Ravindran (Minister for Industries and Labour): Sir, I move the following amendments:—

In clause 1 sub-clause (d), delete the word 'or' occuring after the word 'plantation' and insert the word 'or undertaking' after the word 'establishment' in line 2 of the definition.

In Clause 2 sub-clause (e) (iii), in the third line after the word 'establishment' insert the word 'or undertaking'

സർ, ഇതു ഡ്രാഫ്റ്റിംഗിൽ വന്നിട്ടുള്ള വ്യത്യാസങ്ങളും മാറ്റാൻ വേണ്ടിയാണ് ചേർത്തിട്ടുള്ളത്. സാരമായ വ്യത്യാസമൊന്നുമില്ല. വെർബലായിട്ടുള്ള വ്യത്യാസങ്ങളും മാത്രമേയുള്ളു. ഇത് അംഗീകരിക്കണമെന്നാണു ഞാൻ പറയുന്നത്.

The amendments were put and carried.

The question that Clause 2, as amended, stands part of the Bill was put and carried.

Clause 2, as amended, was added to the Bill.

Clause 3.

The question that Clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clause 4

Minister for Industries and Labour (**Shri P. Ravindran**): Sir, I move:

LIBRARY ARCHIVES Kerala Legislative Assembly

In Clause 4, the following provisos shall be added at the end:—

'Provided also that in the case of voluntary retirement or resignation from service in any particular year, not more than five percent of the total number of employees in the factory, plantation, establishment or undertaking shall be entitled to payment of gratuity and if the number of employees who voluntarily retire or resign from service exceeds five per cent of the total number of employees, the eligibility of an employee for payment of gratuity shall be determined on the basis of the length of the service of the employee in the factory, plantation, establishment or undertaking.

Provided further that an employee who voluntarily retires or resigns from service shall give one month's notice in writing to the employer and if he fails to give such notice the employer shall be competent to deduct one month's wages from the amount of gratuity payable to him.

സർ, ഈ അമൻറുമെൻറ് അവതരിപ്പിച്ചതിൻെറ പ്രധാനമായ ഉദ്ദേശം ഏതെങ്കിലും ഫാക്ടറിയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ നല്ലൊരു വിഭാഗം പണി രാജിവച്ചു പോകുകയാണെങ്കിൽ ആ വ്യവസായശാലയുടെ പ്രവർത്തനത്തെത്തന്നെ സാരമായി ബാധിച്ചു എന്നു വരും. അങ്ങനെ നൂറു തൊഴിലാളികളുള്ള ഒരു തൊഴിൽശാലയിൽ നിന്ന് അൻപതോളം പേർ ഒരു വർഷത്തിൽ രാജിവച്ചു പോകുന്ന ഒരു സ്ഥിതിവന്നാൽ അത് ആ വ്യവസായത്തെ സാരമായി ബാധിക്കും. വിശേഷിച്ചും പ്രധാനപ്പെട്ട ചില സാങ്കേതികമായ പരിജ്ഞാനം ആവശ്യമുള്ള തൊഴിലാളികൾ വിട്ടുപോകുന്നത് ഫാക്ടറിക്കുതന്നെ സാരമായ നഷ്ടം ഉണ്ടാക്കുമെന്നു മാത്രമല്ല ആ ഫാക്ടറിയിലുള്ള മറ്റു തൊഴിലാളികൾക്കും കൂടുതൽ നഷ്ടവും മറ്റു ബുദ്ധിമുട്ടുകളും ഉണ്ടാകാനിടയുണ്ട്. വ്യവസായശാല നിലനിൽക്കണമെന്നുള്ളത് തൊഴിലാളികളുടെ ആവശ്യമാണ്. അതുകൊണ്ട് കൂട്ടത്തോടുകൂടിയുള്ള രാജി വ്യവസായത്തെ സാരമായി ബാധിക്കുമെന്നുള്ളതുകൊണ്ടാണ് ഈയൊരു ഭേദഗതി വേണമെന്നു തോന്നിയത്. അതുമാത്രവുമല്ല തൊഴിലാളിക്ക് ഒരു വ്യവസായശാലയിൽനിന്ന മറെറാരു വ്യവസ്യശാലയിലേക്ക് മാറിപ്പോകുന്നതിനുള്ള ഒരു പ്രേരണ നൽകുന്നതും ശരിയായിരിക്കുകയില്ലെന്നു ഗവൺമെൻറിനു തോന്നി. അതുകൊണ്ടാണ് ഈ വിധത്തിലൊരു ഭേദഗതി അവതരിപ്പിക്കാനിടയായത്. അതുപോലെ പിരിഞ്ഞുപോകുന്ന തൊഴിലാളികൾ ഒരു മാസത്തെ നൊട്ടീസ് കൊടുക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലാളികൾ പിരിഞ്ഞുപോകുമ്പോൾ ആ വ്യവസായശാലയ്ക്ക് ആവശ്യമുള്ള മറ്റു തൊഴിലാളികളെ എടുക്കുന്നതിനോ അല്ലെങ്കിൽ മറെറന്തെങ്കിലും ഏർപ്പാടുകൾ ചെയ്യുന്നതിനോ മുതലാളിക്ക് സാവകാശം കൊടുക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ടാണ് ഒരു മാസം നോട്ടീസ് കൊടുക്കണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ ക്ലാസ്സിൽത്തന്നെ മറെറാരു ഭേദഗതിയും വന്നിട്ടുണ്ട്. അതിനെപ്പററി പിന്നീട് അഭിപ്രായം പറയാം. ഈ രണ്ടിടീസ്ഥാനത്തിലാണ് ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. ഒരു ഫാക്ടറിയിലുള്ള 5 ശതമാനത്തിൽക്കൂടുതൽ ആളുകൾ ഒരു വർഷം പിരിഞ്ഞുപോകരുത്. അഞ്ചു ശതമാനത്തിൽക്കൂടുതൽ ആളുകൾ അപേക്ഷ കൊടുക്കുകയാണെങ്കിൽ സർവ്വീസിൻെറ ദൈർഘ്യം പരിഗണിച്ച് ഈ അഞ്ചുശതമാനം നിശ്ചയിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

Shri C. B. Chandrasekhara Warrier: Sir, I move.

"In Clause 4, Sub-clause 3, delete the first proviso".

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇതിനെ സംബന്ധിച്ച് ഞാൻ അൽപ്പം മുൻപു സംസാരിച്ചതാണ്. അതിനു ബഹുമാനപ്പെട്ട വ്യവസായമന്ത്രി മറുപടി പറഞ്ഞപ്പോഴും ഈ സംസ്ഥാനത്തെ വ്യവസായങ്ങളുടെ സാമ്പത്തികസ്ഥിതി എല്ലാം പരിഗണിച്ച് അങ്ങനെ ഒരു പരിധി നിർണ്ണയിക്കേണ്ടതാവശ്യമാണെന്നു പറഞ്ഞു. സർ, ഇതിനോട് പൂർണ്ണമായും യോജിക്കാൻ എനിക്കു കഴിയുന്നില്ല. ഈ ഗ്രാറ്റുവിറ്റിയുടെ തുക നിർണ്ണയിക്കുമ്പോഴും ആ സ്ഥാപനത്തിൽ കൂടുതൽ സർവ്വീസ് ചെയ്തുപോയി എന്നുള്ളത് ഒരു കുറ്റമാകാൻ പാടില്ല. ഇപ്പോഴും സൂപ്പർആനുവേഷൻ 60 വയസ്സാണു വച്ചിരിക്കുന്നത്. സാധാരണ ഇരുപതിലോ ഇരുപത്തിരണ്ടിലോ ജോലിയിൽ പ്രവേശിച്ച ആളുകളും ജീവിതത്തിന്റെ ജോലിചെയ്യാൻകഴിയുന്ന ഏതാണ്ട് മുഴുവൻ ഭാഗവും അവിടെ ചെലവഴിച്ചു എന്നുള്ളതിന്റെ പേരിൽ അയാൾക്ക് കിട്ടാവുന്ന ആനുകൂല്യങ്ങളും അതിനെക്കാളും കുറച്ചുമാത്രം സർവ്വീസുള്ള ആളുകൾക്കു കിട്ടുന്നതിൽ നിന്നുകൂടാൻ പാടില്ലെന്നു വ്യവസ്ഥ വരുന്നതു ശരിയല്ല. അതുകൊണ്ട് മാക്സിമം ലിമിറ്റു വയ്ക്കുന്നതു ശരിയല്ല. സ്ഥാപനത്തിന്റെ സാമ്പത്തികപരാധീനതയും സാമ്പത്തികസ്ഥിതിയും എല്ലാം നോക്കേണ്ട കാര്യമില്ല. മറ്റേതെങ്കിലും മാനദണ്ഡങ്ങളോ സഹായപദ്ധതികളോ ആസൂത്രണം ചെയ്യുകയെന്നുള്ളതല്ലാതെ തൊഴിലാളികൾക്ക് സർവ്വീസിനു അനുസരണമായി കിട്ടേണ്ട ആനുകൂല്യങ്ങൾ കിട്ടുന്നതിനു സാമ്പത്തിക പരാധീനതയും മറ്റും പറയുന്നതു ശരിയല്ല. അതുകൊണ്ട് മാക്സിമം ലിമിറ്റ് ആവശ്യമില്ല. ആകെ ആ സ്ഥാപനത്തിലുള്ള സർവ്വീസിന്റെ അടിസ്ഥാനത്തിൽ ഏതൊരു തൊഴിലാളിക്കും ഒരു വർഷത്തിന് 15 ദിവസം എന്നുള്ള കണക്കിൽ ഗ്രാറ്റുവിറ്റി കിട്ടേണ്ടതാണെന്നുള്ളതാണ് എന്റെ അഭിപ്രായം. അതുകൊണ്ട് എന്റെ ഈ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ ഭേദഗതിക്ക് സാമ്പത്തികസ്ഥിതിയുടെ പേരിലുള്ള വാദഗതിയല്ലാതെ മറ്റൊന്നുംതന്നെ ബഹുമാനപ്പെട്ട വ്യവസായമന്ത്രിക്ക് ഒബ്ജക്ഷനായി റെയിസ് ചെയ്യാനില്ല. അതുകൊണ്ട് വ്യവസായത്തിന്റെ സാമ്പത്തികസ്ഥിതി പരിഗണിച്ച് സാധ്യമല്ലെന്ന ഒരു നില പാടെടുക്കാതെ കൂടുതൽ സർവ്വീസുള്ള തൊഴിലാളികൾക്ക് സർവ്വീസിനു അനുസരണമായി ആനുകൂല്യം കിട്ടാൻ വേണ്ടി ഈ ഭേദഗതി സ്വീകരിക്കണം. 30 വർഷത്തിനുമേലുള്ള സർവ്വീസുള്ള തൊഴിലാളികളെ സംബന്ധിച്ചിടത്തോളംമാത്രമേ ഈ ഭേദഗതി വരുന്നതുകൊണ്ട് എന്തെങ്കിലും മാറ്റം വരുന്നുള്ളു; സാധാരണഗതിയിൽ മാറ്റമൊന്നും വരുന്നില്ല. 30 വർഷത്തിനു മേൽ സർവ്വീസുള്ള ആളുകൾ പിരിഞ്ഞുപോകുമ്പോൾ മാത്രമേ ഇതു ബാധകമാകുന്നുള്ളു. കൂടുതൽ സർവ്വീസുള്ള ആളുകളെയാണ് ഈ ഭേദഗതി ബാധിക്കുന്നതെന്നുള്ളതുകൊണ്ട് എന്റെ ഈ ഭേദഗതി സ്വീകരിക്കാൻ തയ്യാറാകണം. അതോടൊപ്പം ഞാൻ ബഹുമാനപ്പെട്ട വ്യവസായമന്ത്രി അവതരിപ്പിച്ച ഭേദഗതിയോട് വിയോജിക്കുകയാണ്. അതിന്റെ അർത്ഥംതന്നെ വ്യക്തമല്ലെന്നാണ് എന്റെ ആദ്യത്തെ ആക്ഷേപം.

'Provided also that in the case of voluntary retirement or resignation from service in any particular year, not more than five per cent of the total number of employees in the factory, plantation, establishment or undertak ng shall be entitled to payment of gratuity and if the number of employees who voluntarily retire or resign from service exceeds five per cent of the total numb r of employees, the eligibility of an employee for payment of gratuity shall be determined on the basis of the length of the service of the employee in the factory, plantation, establishment or undertaking'.

LIBRARY ARCHIVES Kerala Legislative Assembly

ഇതാണ് ആ പ്രൊവൈസോയുടെ ഒന്നാമത്തെ പാര. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്നത് 5 ശതമാനത്തിൽ കൂടുതൽ വർക്കേഴ്സ് ഏതെങ്കിലുമൊരു വർഷം പിരിഞ്ഞുപോയാൽ ആ ആളുകളുടെ മുഴുവൻ ലിസ്റ്റു തയ്യാറാക്കിയിട്ട് അതിന്റെ ലെംഗ്ത്ത് ഓഫ് സർവ്വീസിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്ത് 5 ശതമാനം വരുന്നതുവരെയുള്ള ലിസ്റ്റ് എടുത്തിട്ട് ആ 5 ശതമാനത്തിനു കൊടുക്കുമെന്നാണ്. പക്ഷേ ആ അർത്ഥം ഈ പ്രൊവൈസോയിൽനിന്നു വരുമോ എന്നു സംശയമുണ്ട്. ഒരു സ്ഥാപനത്തിൽ 200 തൊഴിലാളികളും ഉണ്ട്. ഒരു വർഷത്തിൽ 50 പേർ റിട്ടയർ ചെയ്യുന്നു. അല്ലെങ്കിൽ റിസൈൻ ചെയ്യുന്നു. ഈ പ്രൊവൈസോ കൊണ്ടു ഞാൻ മനസ്സിലാക്കുന്നത് ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിച്ചിട്ടുള്ളത് ഈ 50 പേരുടെ ലംഗ്ത്ത് ഒഫ് സർവ്വീസിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുക, എന്നിട്ടു 5 ശതമാനം പേർക്കു (പത്തുപേർ വരും) മാത്രം ഗ്രാറ്റുവിറ്റി കൊടുക്കുക, ബാക്കിയുള്ളവർക്ക് ഗ്രാറ്റുവിറ്റി കൊടുക്കാതിരിക്കുക എന്നാണോ?

ശ്രീ. പി. രവീന്ദ്രൻ: വോളൻറിയായി റിട്ടയർ ചെയ്യുന്നവരുടെ കേസ്സിൽ മാത്രമേയുള്ളു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അതാണ് ഞാൻ പറഞ്ഞത്, 200 പേരുള്ളതിൽ 50 പേർ റിസൈൻ ചെയ്യുന്നു. അവരുടെ ലെഗ്ത്ത് ഓഫ് സർവ്വീസിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്തിട്ട് ആദ്യത്തെ പത്തുപേർക്ക് ഗ്രാറ്റുവിറ്റി കൊടുക്കുകയും ബാക്കിയുള്ളവർക്ക് ഗ്രാറ്റുവിറ്റി കൊടുക്കാതിരിക്കുകയും ആണോ ഉദ്ദേശിക്കുന്നത്? എന്താണെന്നു മനസ്സിലായില്ല.

ശ്രീ. പി. രവീന്ദ്രൻ: നമ്മുടെ ഒരു തൊഴിൽശാലയിലുള്ള എല്ലാ ആളുകളും കൂടി ഒരു സുപ്രഭാതത്തിൽ രാജിവച്ചുപോയാൽ അത്രയും ആളുകൾക്കു ഗ്രാറ്റുവിറ്റി കൊടുക്കേണ്ടതായ ബാധ്യത മുതലാളിക്കു വരികയാണ്. അതുകൊണ്ട് ഒരു ഫാക്ടറിയിൽനിന്ന് ഒരു വർഷം പിരിഞ്ഞുപോകുന്നവരുടെ വോളൻറിയായി റിസൈൻ ചെയ്തു പോകുന്നവരുടെ സംഖ്യ ലിമിറ്റു ചെയ്യാൻ വേണ്ടിയാണ് ഇങ്ങനെ വച്ചിട്ടുള്ളത്. ഏതെങ്കിലും ഒരു കാരണം പറഞ്ഞ് ഒരു ഫാക്ടറിയിൽനിന്നും പിരിഞ്ഞുപോകാം. സാങ്കേതികമായി പ്രത്യേക വൈദഗ്ധ്യമുള്ള ഒരു തൊഴിലാളിയാണെങ്കിലും കൂടുതൽ ശമ്പളം കിട്ടുന്ന തൊഴിൽശാലയിലേക്ക് പോകാം. അങ്ങനെ മൈഗ്രേറ്റ് ചെയ്യാനുള്ള പ്രവണത നിരുൽസാഹപ്പെടുത്താൻ വേണ്ടിയാണ് പുറത്തുപോകുന്ന തൊഴിലാളികളുടെ എണ്ണം ആകെയുള്ള തൊഴിലാളികളുടെ 5 ശതമാനം എന്നു വച്ചിട്ടുള്ളത്. അഞ്ചുശതമാനത്തിൽ കൂടുതൽ ആളുകൾ പോകാനുണ്ടെങ്കിൽ അതിൽ ഏതായിരിക്കണം 5 ശതമാനം ആളുകൾ എന്നു നിശ്ചയിക്കാൻ വേണ്ടി ലെംഗ്ത്ത് ഒഫ് സർവ്വീസ് നോക്കുമെന്നു മാത്രമേയുള്ളു.

ശ്രീ. ആർ. എസ്. ഉണ്ണി: ഈ ബില്ലിന്റെ വകുപ്പുകളെസംബന്ധിച്ച ചർച്ച നടക്കുമ്പോൾ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വകുപ്പുകളെ സംബന്ധിച്ചിടത്തോളമുള്ള ക്ലാരിഫിക്കേഷൻസ് ചോദിക്കുന്നത് ആകാം. അതിനെ സംബന്ധിച്ചുള്ള സംശയങ്ങൾ എല്ലാം ഒരു മന്ത്രി പരിഹരിച്ചു കൊടുക്കത്തക്കവണ്ണമുള്ള ചർച്ച നടത്തുന്നതു ശരിയാണോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഭേദഗതി അവ്യക്തമാണെന്നു ഞാൻ പറഞ്ഞു. അതിനു ബഹുമാനപ്പെട്ട മന്ത്രി ക്ലാരിഫിക്കേഷൻ തരുന്നതു ഓർഡറിലല്ല എന്നു പറഞ്ഞത് എന്താണെന്ന് മനസ്സിലായില്ല. റിസൈൻ ചെയ്യുന്നതിനെ തടയുകയാണ് ഉദ്ദേശമെന്നുള്ളതല്ല ഞാൻ ചോദിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ എഫക്ടാണ്. ഒരു സ്ഥാപനത്തിൽ 5 ശതമാനത്തിൽക്കൂടുതൽ ആളുകളെ ഒരുവർഷം റിസൈൻ ചെയ്യുന്നു എന്നു വരികിൽ ഏറ്റവും കൂടുതൽ സർവ്വീസുള്ള 5 ശതമാനം പേർക്കു മാത്രമേ ഗ്രാറ്റുവിറ്റി കിട്ടുകയുള്ളു. ബാക്കിയുള്ളവർക്കു കിട്ടുകയില്ലെന്നാണോ എന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ആ പർട്ടിക്കുലർ ആയ 5 ശതമാനത്തിനു മാത്രമേ ക്ലെയിം ചെയ്യാവൂ എന്നുള്ളതാണ്. മറ്റുള്ളവരുടെ റൈറ്റ് ടു ക്ലെയിം ഗ്രാറ്റുവിറ്റി എടുത്തു കളയുന്നില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, പോയിന്റ് ഒഫ് ഓർഡർ. ബഹുമാനപ്പെട്ട മന്ത്രിയോടു ചോദ്യം ചോദിച്ചാൽ മന്ത്രിയല്ലേ ഉത്തരം പറയേണ്ടത്.

ശ്രീമതി കെ. ആർ. ഗൗരി: അഡ്വക്കേറ്റ് ജനറലിന്റെ സീറ്റിലിരിക്കുന്നതുകൊണ്ട് അദ്ദേഹത്തിന്റെ ക്ലാരിഫിക്കേഷനാണെന്നു ഞാൻ വിചാരിച്ചു.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, എന്റെ പോയിന്റ് ഒഫ് ഓർഡറിനു റൂളിംഗ് കിട്ടിയിട്ടില്ല. എന്റെ പോയിന്റ് ഒഫ് ഓർഡർ. The Minister is on his legs. He is not speaking. Is a Member then entitled to ask questions while he speaks on a provision of a particular Bill? That is my point of order.

ചെയർമാൻ: അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുമ്പോഴ് സംശയം പറഞ്ഞു എന്നേയുള്ളു. മന്ത്രിക്ക് അതിനു മറുപടി പറയാം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞതുപോലെയാണുദ്ദേശിച്ചതെങ്കിൽ ഈ പ്രൊവൈസോ ഈ അർത്ഥം വ്യക്തമാക്കുന്നില്ല. ഈ പ്രൊവൈസോയുടെ വ്യാഖ്യാനം ആ രീതിയിൽ വരികയില്ല. എന്നാണ് എന്റെ അഭിപ്രായം. എന്റെ അഭിപ്രായത്തിൽ ഈ പ്രൊവൈസോ ഇതിനകത്തില്ലെങ്കിലും ഏതെങ്കിലും ഒരു വർഷം 45 ശതമാനത്തിൽ കൂടുതൽ എംപ്ലോയീസ് റിസൈൻ ചെയ്യാൻ പോകുന്നില്ലെന്നാണ്. റിസൈൻ ചെയ്യുന്നതിനെ തടസ്സം ചെയ്യാനുള്ള ഉദ്ദേശത്തെയല്ല ഞാൻ വിമർശിക്കുന്നത്. ലെംഗ്ത്ത് ഒഫ് സർവ്വീസിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ സർവ്വീസുള്ള 5 ശതമാനം ആളുകളൊഴിച്ച് ബാക്കിയുള്ളവരുടെ ഗ്രാറ്റുവിറ്റിക്കുള്ള അർഹത ഇല്ലാതാകും.

ശ്രീ. കെ. കെ. കുമാരപിള്ള: 5 ശതമാനത്തിലധികം ആളുകൾ ഒരു സ്ഥാപനത്തിൽനിന്നു പോകുന്നത് നിരുൽസാഹപ്പെടുത്തണമെന്നുള്ളതിനോടു യോജിക്കുകയാണെങ്കിൽ ഇതല്ലാതെ വേറെ ഏതു മർഗ്ഗത്തിൽകൂടി പ്രേരണാശക്തി കുറയ്ക്കാൻകഴിയുമെന്നു പറയാമോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അഞ്ചുശതമാനത്തിൽക്കൂടുതൽ, ആളുകൾ സ്വയം റിട്ടയർചെയ്തുപോകുന്നത് അല്ലെങ്കിൽ റിസൈൻ ചെയ്തുപോകുന്നത് സ്ഥാപനത്തെബാധിക്കുമെന്നുള്ള അഭിപ്രായത്തോട് എനിക്കു യോജിപ്പുണ്ട്. പക്ഷേ അതു തടയാൻ വേണ്ടി ഒരു പ്രത്യേക സാഹചര്യത്തിൽ അങ്ങനെ റിസൈൻചെയ്തുപോകുന്ന സാഹചര്യം വരുന്നെങ്കിൽ അല്ലെങ്കിൽ അങ്ങനെ ഒരു സ്ഥിതിവിശേഷം വരുത്തുന്നതിനു മാനേജുമെന്റുകളാണ് ഉത്തരവാദികളെങ്കിൽ റിട്ടയർമെന്റിൽ പലതും നടക്കുമ്പോഴ് Voluntary retirement is thrust into their mouth. ആണെന്നു വരും. വാളന്ററി റിട്ടയർമെന്റ് എന്നുപറയുന്നത് മാനേജുമെന്റിന്റെ ഹരാസ്മെന്റുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നിർബന്ധിത റിട്ടയർമെൻറാണെന്നും വരാം. അപ്പോഴും അഞ്ചുശതമാനത്തിൽക്കൂടുതൽ ആളുകളും റിസൈൻചെയ്താൽ അഞ്ചു ശതമാനത്തിനുപരി വരുന്ന ആളുകൾക്കു ഗ്രാറ്റുവിറ്റിയെ കിട്ടാൻ അർഹതയില്ലാതെ വരുന്നതു തെറ്റാണ്. എന്റെ പ്രസംഗത്തിനിടയ്ക്കു ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായർ ചോദ്യരൂപേണ ഉന്നയിച്ച കാര്യമല്ല ഈ പ്രൊവൈസോ ഇവിടെവന്നാൽ ഉണ്ടാകുന്നത് എന്നാണ് എനിക്കു പറയാനുള്ളത്.

'Gratuity shall be payable to an employee—

(a) on his superannuation;

(b) on his retirement, resignation, retrenchment discharge or dismissal from service after completion of minimum period of five years of continuous service;

(c) on his death or total disablement due to accident or disease.

Explanation—For the purpose of this section, total disablement means such disablement, whether of temporary or permanent nature, as incapacitates an employee for all work which he was capable of performing at the time of accident resulting in such disablement.

(2) In case of death of an employee, the gratuity shall be payable to the nominee of the employee or in the absence of a nominee to the family of the employee.

(3) In the case referred to in clauses (a), (b) and (c) of sub-section (1), the employer shall pay gratuity to such of his employees at the rate of fifteen days' wages based on his last drawn wages for every completed year of service or part thereof in excess of six months.

'provided also that in the case of voluntary retirement or resignation from service in any particular year, not more than five per cent of the total number of employees in the factory, plantation, establishment or undertaking shall be entitled to payment of gratuity.....'.

ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായർ ചൂണ്ടിക്കാണിച്ചതുപോലെ അടുത്ത വർഷം ചോദിക്കാമെന്ന അർത്ഥം ഇതിനകത്തു വരുന്നില്ല. അടുത്ത വർഷം കൂട്ടാം ചെയ്യാമെന്നാണെങ്കിൽ അതിന് പ്രത്യേക പ്രൊവൈസോ കൊണ്ടുവരേണ്ടിവരും. അത് അതുപോലെ എഴുതിവച്ചാൽ പറ്റുകയില്ല. അതു ഫസ്റ്റു പ്രൊവൈസോ, അതിന്റെകൂടെ ഈ പ്രൊവൈസോ വന്നുകഴിയുമ്പോഴും അഞ്ചു ശതമാനത്തിൽക്കൂടുതൽ ഏതെങ്കിലും സ്ഥാപനത്തിൽനിന്നും പിരിഞ്ഞാൽ, വാളൻറിയായിട്ടു പിരിഞ്ഞാൽ അഞ്ചു ശതമാനത്തിൽ കൂടുതൽ വരുന്ന ആളുകൾക്കു ഗ്രാറ്റുവിറ്റിക്ക് അർഹതയില്ലെന്നാണ് ഇതിനകത്തു നിന്നും വരുക. ഇതുകൊണ്ട് കുറെ അധികം പേരുടെ ഗ്രാറ്റുവിറ്റി ഇല്ലാതെ വരും, ചില പ്രത്യേകകേസുകളിൽ. മറെറാന്നുവരുന്നത്, ഏതെങ്കിലും ഒരാൾ റിസൈൻ ചെയ്താൽ ആ വർഷം കഴിയുന്നതുവരെ കാത്തിരിക്കണം ഗ്രാറ്റുവിറ്റിക്കുവേണ്ടി. ആ വർഷത്തിൽ മറ്റു എത്രപേർകൂടി റിസൈൻ ചെയ്യുന്നു എന്നു കണക്കാക്കിവന്നതിനുശേഷമേ ആ ആൾക്കു ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ടോ ഇല്ലയോ എന്നുള്ളതിനെസംബന്ധിച്ചിടത്തോളം ഒരു തീരുമാനമുണ്ടാകുന്നുള്ളു. ആകെ രാജിവച്ചുപോയ ആളുകളുടെ അടിസ്ഥാനത്തിൽ ഈ ആൾ അഞ്ചുശതമാനത്തിന്റെ അകത്തുവരുമോ എന്നു നോക്കിയതിനുശേഷമേ അയാൾക്കു ഗ്രാറ്റുവിറ്റി കിട്ടുന്നുള്ളു. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച പ്രൊവൈസോയുടെ ഫസ്റ്റു പാർഗ്രാഫാണ് ഇത്. സെക്കൻറു പാരയിൽ

LIBRARY ARCHIVES Kerala Legislative Assembly

നോട്ടീസു കൊടുക്കണമെന്നും നോട്ടീസു കൊടുത്തില്ലെങ്കിൽ ഗ്രാറ്റുവിറ്റിയിൽ നിന്നും റിജക്ടുചെയ്യണമെന്നും ഉള്ള അഭിപ്രായമുണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള: വാളൻറിയായിട്ടു റിട്ടയർ ചെയ്തു പോകുന്ന ആളുകൾക്കു ഗ്രാറ്റുവിറ്റി കിട്ടാതെ വരുമെന്നു പറയുന്നത് എനിക്കു മനസ്സിലാകുന്നില്ല. അഞ്ചുശതമാനം വാളൻറിയായിട്ടു റിട്ടയർചെയ്താൽ അടുത്ത ആൾക്കു പോകാൻ തടസ്സമാകുമെന്നു പറഞ്ഞാൽ മനസ്സിലാക്കാം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനപ്പെട്ട മെമ്പർ ഒന്നു ശ്രദ്ധിച്ചുവായിക്കണം.

'provided also that in the case of voluntary retirement or resignation from service in any particular year, not more than five per cent of the total number of employees in the factory, plantation, establishment or undertaking shall be entitled to payment of gratuity and if the number of employees who voluntarily retire or resign from service exceeds five per cent of the total number of employees, the eligibility of an employee for payment of gratuity shall be determined on the basis of the length of the service of the employee in the factory plantation, establishment or undertaking;"

അതിന്റെ അർത്ഥമെന്താണ്? അഞ്ചുശതമാനത്തിൽ കൂടുതൽ എംപ്ലോയിസ് വാളൻറിയായിട്ടു റിട്ടയർ ചെയ്യുന്നെങ്കിൽ അവരിൽ ആർക്കൊക്കെ ഗ്രാറ്റുവിറ്റി കൊടുക്കണമെന്നു തീരുമാനിക്കുന്നത് ലംഗ്തു ആഫ് സർവ്വീസിന്റെ അടിസ്ഥാനത്തിൽ റാങ്കു നിശ്ചയിക്കുക—ചെയ്യുക, ആ വർഷം റിട്ടയർ ചെയ്തവരെ റാങ്കു ചെയ്യുക, എന്നിട്ട് ഏറ്റവും കൂടുതൽ ലംഗ്തു ആഫ് സർവ്വീസുള്ള അഞ്ചു പേർക്കു കൊടുക്കുക. അങ്ങനെയാണെങ്കിൽ ജനുവരി ഒന്നാംതീയതി ഒരാൾക്ക് റിസൈൻ ഗ്രാറ്റുവിറ്റി കിട്ടുമോ ഇല്ലയോ എന്ന് അറിയണമെങ്കിൽ ഡിസംബർ 31-ാംതീയതിവരെ ആരൊക്കെ റിസൈൻചെയ്യുന്നു, അങ്ങനെയുള്ള ആളുകളിൽ ലംഗ്തു ആഫ് സർവ്വീസ് കൂടിയ ആൾ എത്രപേരുണ്ട് എന്നൊക്കെ അറിയുന്നതുവരെ കാത്തിരിക്കണം. അതിന് ഒരു ഉദാഹരണം പറയാം. നൂറു വർക്കേഴ്സുള്ള ഒരു സ്ഥാപനത്തിൽ രണ്ടുപേർക്കുമാത്രം വാളൻറിയായിട്ട് റിട്ടയർ ചെയ്യാൻ അവകാശമുണ്ട്. ഞാൻ ജനുവരി ഒന്നാംതീയതി റിട്ടയർ ചെയ്യുന്നു. എനിക്കു ഏഴുവർഷത്തെ സർവ്വീസേയുള്ളൂ. ആ വർഷം അതിനു 8, 9, 10, വർഷം എന്നിങ്ങനെ സർവ്വീസുള്ള മറ്റു ഏഴുപേർകൂടി റിട്ടയർചെയ്തു. അങ്ങനെയാണെങ്കിൽ ഈ ഐപ്രൊവൈസോയുടെ അടിസ്ഥാനത്തിൽ എനിക്കു ഗ്രാറ്റുവിറ്റി കിട്ടാൻ അർഹതയില്ല. എനിക്കുശേഷം വന്നിട്ടുള്ള ഏഴുപേരിൽ ഏറ്റവും കൂടുതൽ, ലംഗ്തു ആഫ് സർവ്വീസുള്ള അഞ്ചുപേർക്കുമാത്രമേ പാടുള്ളൂ. ബഹുമാനപ്പെട്ട കുമാരപിള്ളയുടെ മനസ്സിലിരിക്കുന്ന സ്കീം വേറെയാണ്. ബഹുമാനപ്പെട്ട കുമാരപിള്ള ചോദിച്ചത് എനിക്കും മറ്റു നാലുപേർക്കും തരാമെന്ന നിലയ്ക്കാണ്. അങ്ങനെയല്ല സ്കീം. ഈ സ്കീമിൽ പറഞ്ഞിരിക്കുന്നത് ഈ പർട്ടിക്കുലർ ഇയറിൽ റിട്ടയർചെയ്തു പോകുന്ന ആളുകളുടെ ലംഗ്തു ആഫ് സർവ്വീസു എടുക്കുക, ലംഗ്തു ആഫ് സർവ്വീസ് എടുത്തു റാങ്കു ചെയ്യുക, എന്നിട്ട് ആദ്യത്തെ ആളുകൾക്കു ഗ്രാറ്റുവിറ്റി കൊടുക്കുക, മറ്റുള്ളവർക്കു കൊടുക്കാതിരിക്കുക. അതുകൊണ്ട് സംഭവിക്കാൻ പോകുന്നത് അതാണ്. അതു മാറണം. ഈ രീതിയിൽ അത് ഉൾപ്പെടുത്താൻപാടില്ല. വാളൻറി റസിഗ്നേഷൻ തടയുന്നതിന്, മാസ് റസ്ഗ്നേഷൻ തടയുന്നതിന് മറെന്തെങ്കിലും മാർഗ്ഗം സ്വീകരിക്കുകയല്ലാതെ ഗ്രാറ്റുവിറ്റി കിട്ടേണ്ട വലിയ ഒരു വിഭാഗം ആളുകൾക്കു അതു കിട്ടാതെ വരുത്താൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. കുമാരപിള്ള: അഞ്ചുശതമാനം ആളുകൾ മാത്രമേ ഗ്രാറ്റുവിറ്റിയോടുകൂടി വാളൻറിയായിട്ടു റിട്ടയർചെയ്യാവൂ, അങ്ങനെ റിട്ടയർ ചെയ്യാൻ ആഗ്രഹിക്കുന്നവരുടെ മുഴുവൻ കണക്കെടുത്തിട്ടു അവരിൽ സീനിയാരിറ്റികുടുതലുള്ള, ലംഗ്ത് ആഫ് സർവ്വീസ് കൂടുതലുള്ള ആളുകൾക്കു മാത്രമേ കൊടുക്കാവൂ എന്നല്ല ഇതിൽ പറഞ്ഞിരിക്കുന്നത്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അതു ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിക്കുമ്പോൾ പറഞ്ഞാൽ മതി.

ശ്രീ. കെ. കെ. കുമാരപിള്ള: ശ്രീമാൻ സി. ബി. സി. പറഞ്ഞ രീതിയിലുള്ള തകരാറു ഇതിൽ ഉണ്ടാകണമെങ്കിൽ വർഷാവസാനംവരെ റിട്ടയർ ചെയ്തവരുടെ കണക്കെടുത്തശേഷംമാത്രമേ വാളൻറിയായിട്ടു റിട്ടെയർചെയ്യാൻ പാടുള്ളു എന്ന് എഴുതിയിരിക്കണം. എങ്കിൽ മനസ്സിലാക്കാമായിരുന്നു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഇതിന്റെ ഇഫക്ട് എന്തായിരിക്കുമെന്നു ബഹുമാനപ്പെട്ട മെമ്പർ, മന്ത്രി അടക്കമുള്ള ആളുകൾ ചിന്തിക്കണമെന്നും വേണ്ടിവന്നാൽ ലാ ഡിപ്പാർട്ടുമെൻറുമായി ഇതിനെപ്പറ്റി ഒന്നു ഡിസ്കസുചെയ്തതിനുശേഷം മറുപടി പറയണമെന്നും പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇതിൽ പറഞ്ഞിരിക്കുന്നത് അഞ്ചു പെർസെൻറിൽ കൂടുതൽ ആളുകൾക്കു ഒരു പർട്ടിക്കുലർ പീരിഡിൽ ഗ്രാറ്റുവിറ്റി കൊടുക്കാൻ പാടില്ലെന്നാണ്. ക്ളൈം നിശ്ചയിക്കുന്നത് ലംഗ്ത് ആഫ് സർവ്വീസിന്റെയും മറ്റും അടിസ്ഥാനത്തിലാണ്. എതിർക്കാനൊക്കുമോ? ഇതിൽ വളരെ ക്ളീയറായിട്ടു പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്.

"shall be entitled to payment of gratuity and if the number of employees who voluntarily retire or resign from service exceeds five per cent."

ഒരു പർട്ടിക്കുലർ ഈയറിൽ അഞ്ചു ശതമാനത്തിനേ അർഹതയുള്ളു. ആ പർട്ടിക്കുലർ ഈയറിൽ റിട്ടെയർചെയ്തവരുടെ ലംഗ്ത് ആഫ് സർവ്വീസിന്റെ അടിസ്ഥാനത്തിൽ കൊടുക്കുമെന്നു പറഞ്ഞാൽ ആ പർട്ടിക്കുലർ ഈയറിൽ ആരെല്ലാം റിസൈൻ ചെയ്തുഎന്നുള്ളതിനെസംബന്ധിച്ച് നോക്കാതെ ആർക്കൊക്കെയാണ് അതിന് അർഹതയെന്നു തീരുമാനിക്കാൻ പറ്റുമോ? ഇതിൽ യാതൊന്നും എതിർക്കാൻ പറ്റുകയില്ല. അതുകൊണ്ട് ഇതു തീരുമാനിച്ചതിനുശേഷമേ കൊടുക്കുകയുള്ളു എന്നു എഴുതിവച്ചില്ലെങ്കിലും അതിന്റെ ഇഫക്ടു അതാണ് ഒരു പർട്ടിക്കുലർ ഈയറിൽ റിട്ടയർ ചെയ്തവരുടെ കണക്ക് എടുത്തതിനുശേഷം ലംഗ്ത് ആഫ് സർവ്വീസിന്റെ അടിസ്ഥാനത്തിൽ റാങ്കു ചെയ്തതിനുശേഷം അഞ്ചു പെർസെൻറിൽ കൂടുതലുള്ള വർക്ക് അനുവദിക്കുകയില്ലെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം. അതുകൊണ്ട് ഈ പ്രൊവൈസോ ബഹുമാനപ്പെട്ട മന്ത്രി ഇതിനകത്ത് ഉൾപ്പെടുത്തരുതെന്നാണ് എനിക്കു പറയാനുള്ളത്.

Shri T. A. Majid: In clause 4, delete the second proviso in the amendment of the Minister and substitute the following:

Provided further that an employee who voluntarily retires or resigns from service shall be eligible to claim gratuity only if one month's notice in writing of his intention so to retire or resign had been given to the employer.

സർ, ചുരുക്കത്തിൽ ഒരു മാസത്തെ നോട്ടീസു കൊടുത്തതിനുശേഷം മാത്രമേ gratuity claim ചെയ്യാവൂ എന്നാണ് എന്റെ അമൻറുമെൻറു. ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന അമൻറുമെൻറ് പോര എന്നുള്ളതുകൊണ്ടാണ് ഞാൻ അതു സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. നമ്പൂതിരി: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതിയും ബഹുമാനപ്പെട്ട മജീദിന്റെ ഭേദഗതിയും കണ്ടപ്പോൾ ആ കാര്യത്തിൽ ഒരു മാസത്തെ നോട്ടീസു വേണമെന്നുള്ള ഭേദഗതി, ശ്രീ. മജീദിന്റെ ഭേദഗതിയാണ് കുറച്ചു വ്യക്തമെന്നാണ് എനിക്കു തോന്നുന്നത്. ഏതായാലും നമ്മുടെ നാട്ടിൽ പുതുതായിട്ട് ഒരു ആനുകൂല്യം കൊടുക്കുമ്പോൾ ഇൻഡ്യയുടെ മറ്റൊരുഭാഗത്തുമില്ലാത്ത ഒരു ആനുകൂല്യം ഈ രാജ്യത്തെ തൊഴിലാളികൾക്ക് നൽകാൻ തീരുമാനിക്കുമ്പോൾ ചില നിബന്ധനകൾ കൂടി വയ്ക്കുന്നതിൽ യാതൊരു അബദ്ധവുമില്ല. കാരണം, നമ്മുടെ രാജ്യത്തു വ്യവസായങ്ങൾ കുറവാണ്. എന്നാൽ വളരെക്കാലമായിട്ട് നമ്മുടെ രാജ്യത്തെ തൊഴിലാളികൾ ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഒരു ആനുകൂല്യം നടപ്പാക്കാൻ നമുക്കു കഴിഞ്ഞു. അത് അഞ്ചു ശതമാനമോ പത്തു ശതമാനമോ ആയി കുറച്ചുകൊണ്ട് വാളന്ററിയായിട്ടു റിട്ടയർചെയ്തു പോകുന്നവരുടെ കാര്യത്തിൽ ഒരു നിർബന്ധം വച്ചതിൽ യാതൊരു തെറ്റുമില്ല. ഇന്ന് പ്ലാന്റേഷൻ വ്യവസായത്തിൽ ചില എഗ്രിമെന്റുകളുടെ അടിസ്ഥാനത്തിൽ ഈ ഗ്രാറ്റുവിറ്റി സ്കീമുണ്ട്. നമ്മുടെ ഈ ബില്ലു പ്രകാരം 15 മാസത്തെ ആനുകൂല്യമാണ് പരമാവധി ഒരാൾക്കു കൊടുക്കുന്നത്. നമ്മുടെ രാജ്യത്ത് അവാർഡുകൾ മൂലവും എഗ്രിമെന്റുകൾ അനുസരിച്ചും ഗ്രാറ്റുവിറ്റി മിക്കവാറും വ്യവസായങ്ങളിൽ ഉള്ളതാണ്. ഇതോടുകൂടി ഈ രാജ്യത്തെ തൊഴിലാളികൾക്കു ആശ്വാസം നൽകുന്ന ഗ്രാറ്റുവിറ്റി ലഭിക്കുന്നവരുടെ എണ്ണം കൂടിക്കഴിഞ്ഞിരിക്കുന്നു. ഇങ്ങനെ ഒരു നിയമം കൊണ്ടുവരുമ്പോൾ നിലവിലുള്ള ചില എഗ്രിമെന്റുകൾ എല്ലാം കണക്കിലെടുത്തുകൊണ്ട് ചില നിബന്ധനകൾ വച്ചു എന്നുള്ളതിൽ വളരെയേറെ ദുഃഖിക്കാനില്ല. ആവശ്യമാണെങ്കിൽ പിന്നീടു ഭേദഗതികൊണ്ടുവരാം. ഏതായാലും ഈ ആനുകൂല്യം ഉടനടി നടപ്പാക്കാൻ ശ്രമിക്കുന്നത് സ്വാഗതാർഹമാണ്. ഇത് തൊഴിലാളികളും ട്രേഡ്യൂണിയനുകളും അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. പി. രാമലിംഗം: ബഹുമാനപ്പെട്ട മന്ത്രിഅവതരിപ്പിച്ച ഭേദഗതിയെ സംബന്ധിച്ചു സി. ബി. സി. വാര്യർ ഇവിടെ സംസാരിച്ച അവസരത്തിൽ ചില സംശയങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. ഞാൻ അദ്ദേഹം പറഞ്ഞതിൽനിന്നും മനസ്സിലാക്കുന്നത് 200 തൊഴിലാളികളുടെ ഒരു എസ്റ്റാബ്ലിഷ്മെൻറിൽനിന്ന് 5 ശതമാനത്തിൽകൂടുതൽ തൊഴിലാളികൾ വാളന്ററി റിട്ടെയർ ചെയ്യുകയോ റിസൈൻ ചെയ്യുകയോ ചെയ്താൽ അവർക്കു ഗ്രാറ്റുവിറ്റിക്ക് അവകാശമുണ്ടായിരിക്കുകയില്ല എന്നാണ്. അതായത് 200 തൊഴിലാളികളുള്ള ഒരു വ്യവസായത്തിൽ 50 തൊഴിലാളികൾ വാളന്ററിയായിട്ടു റിട്ടയർ ചെയ്യുകയോ റിസൈൻ ചെയ്യുകയോ ചെയ്താൽ ഇതിൽ അഞ്ചു ശതമാനം പേർക്കുമാത്രമേ ഗ്രാറ്റുവിറ്റി കിട്ടുകയുള്ളു ബാക്കിയുള്ളവരുടെ അവകാശം നഷ്ടപ്പെടുമെന്നാണ് അദ്ദേഹം സംശയം പ്രകടിപ്പിച്ചത് എന്നാണ് എന്റെ ഓർമ്മ. ഇന്നു നിലവിലുള്ള സ്കീമിലെല്ലാംതന്നെ അഞ്ചു ശതമാനമെന്ന റിസ്ട്രിക്ഷനുണ്ട്. പ്ലാന്റേഷൻ വ്യവസായത്തിൽ പരസ്പരസമ്മതപ്രകാരമുണ്ടായിട്ടുള്ള ഒരു ഗ്രാറ്റുവിറ്റി സ്കീമുണ്ട്. ആ ഗ്രാറ്റുവിറ്റി സ്കീമിനകത്തും ഒരു കൊല്ലം അഞ്ചുശതമാനത്തിൽകൂടുതൽ ആളുകൾക്കു ഗ്രാറ്റുവിറ്റി കൊടുക്കുന്നതല്ലെന്നു ഒരു വ്യവസ്ഥയുണ്ട്. പക്ഷേ, ഗ്രാറ്റുവിറ്റിക്ക് അവകാശപ്പെടാൻ കഴിയണമെങ്കിൽ പത്തുകൊല്ലത്തെ സർവ്വീസു വേണമെന്നൊക്കെയാണ് അതിനകത്തുള്ളത്. അതിനേക്കാൾ വളരെ പുരോഗമനപരമായിട്ടുള്ള വ്യവസ്ഥകളാണ് ഈ ബില്ലിലുള്ളത്. ഈ അഞ്ചുശതമാനം റിസ്ട്രിക്ഷൻ ഇതിനകത്തുണ്ടെങ്കിൽപോലും ഇന്നുവരെ ആർക്കും ഗ്രാറ്റുവിറ്റി, റിട്ടയർചെയ്തുകൊണ്ടോ അല്ലെങ്കിൽ റിസൈൻചെയ്തുകൊണ്ടോ കിട്ടാതെവന്നിട്ടില്ല. എന്നാൽ അതിൽനിന്നും ഒരു കൊല്ലം അഞ്ചുശതമാനത്തിൽകൂടുതൽ ആളുകൾ റിട്ടെയർ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണമെന്നാണ് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഇന്ന് അവർ ചെയ്തുകൊണ്ടിരിക്കുന്നത് ഈ സ്ഥലങ്ങളിലൊക്കെ വിവരം യൂണിയന്റെ ശദ്ധയിൽപ്പെടുത്തുകയും അവർ ആരൊക്കെയാണ് ഈ അഞ്ചുപെരെന്നു തീരുമാനിക്കുകയും ചെയ്യുന്നുണ്ട്. ഏറ്റവും അത്യാവശ്യമായിട്ടുള്ളവർക്കു അപ്പോൾ കൊടുക്കുകയും മറ്റുള്ളവരെ അടുത്തവർഷത്തെ പ്രയാറിറ്റി ലിസ്റ്റിൽപ്പെടുത്തുകയും ചെയ്തുവരികയാണ്.

ശ്രീ. കെ. സി. വാമദേവൻ: ഒരു പ്രത്യേക സ്ഥാപനത്തിൽ കുറെപ്പേർ വാളൻറിറി റസിഗ്നേഷൻ കൊടുക്കുകയാണ്. അതിൽ ഏറ്റവും സീനിയേഴ്സ് ആരെന്നു കണ്ടുപിടിക്കുന്നതിന് ആ വർഷാവസാനംവരെ കാത്തിരിക്കണ്ടേ?

ശ്രീ. പി. രാമലിംഗം: അതാണു ഞാൻ പറയുന്നത്; ഇപ്പോഴുള്ള വ്യവസ്ഥയനുസരിച്ച് ആണെങ്കിൽ സീനിയാരിറ്റിയുടെ അടിസ്ഥാനത്തിൽ അഞ്ചു തൊഴിലാളികൾക്കു ഗ്രാറ്റുവിറ്റി കൊടുക്കണമെന്നല്ല, അഞ്ചുശതമാനമേ കൊടുക്കുകയുള്ളു എന്നു മാത്രമാണ്.

[Mr. Speaker in the chair.]

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ പ്രപൊവൈസോയിൽ പറയുന്നത് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ 5 ശതമാനം എന്നല്ലേ? അങ്ങനെവരുമ്പോൾ ഒരു വർഷം പിരിഞ്ഞതിൽ ആരാണ് സീനിയർ എന്നുള്ളതു തീരുമാനിക്കണമെങ്കിൽ ആ വർഷം അവസാനിക്കണം. അതായത് ജനുവരി 1-ാം തീയതി മുതൽ ഡിസംബർ 31-ാം തീയതിവരെ പിരിഞ്ഞുപോയ എല്ലാവരെയും നോക്കണം. അതു സാധിക്കുമോ?

ശ്രീ. പി. രാമലിംഗം: ആകെ പിരിഞ്ഞതിൽ സീനിയോറിറ്റി നോക്കാനാണെങ്കിൽ പിരിഞ്ഞുകഴിഞ്ഞവരെയെല്ലാംനോക്കാം അതിനുശേഷവുംനോക്കാം. ഏതെങ്കിലുമൊരു തൊഴിലാളി ഗ്രാറ്റുവിറ്റി എനിക്കു എന്നെങ്കിലും കിട്ടിയാൽ മതി ഞാൻ റിസൈൻ ചെയ്തുപോകാമെന്നു പറയുമെന്നു പ്രതീക്ഷിക്കുന്നതു ശരിയല്ല. അതേസമയത്ത് ഇതു തടയാൻ ഉദ്ദേശിക്കുന്നതെന്നാണെന്നുവച്ചാൽ ഏതെങ്കിലുമൊരു സമരത്തിനുള്ള ഭാഗമെന്നുള്ള നിലയിൽ ഒരു വ്യവസായസ്ഥാപനത്തിലുള്ള കൂടുതൽ തൊഴിലാളികളും അഞ്ചുകൊല്ലം സർവ്വീസു കഴിഞ്ഞാൽ അവർക്കു റിട്ടെയർ ചെയ്യാനുള്ള അവകാശം ഉണ്ടെന്നുള്ളതുകൊണ്ട് അവർ പിരിഞ്ഞുപോകരുതെന്നുള്ള റെസ്ട്രിക്ഷൻ വേണമെന്നാണ് എന്റെ അഭിപ്രായം. ആ റെസ്ട്രിക്ഷൻ വരുമ്പോൾ ന്യായമായി പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കിട്ടാതെവരുമോ എന്നുള്ള സംശയമാണ് ശ്രീ. വാര്യർക്കുള്ളത്. അങ്ങനെ വരുമെന്നു തോന്നുന്നില്ല. കാരണം ഓരോവർഷത്തെയും സർവ്വീസ് ആ തൊഴിലാളി ചെയ്യുന്നു. ഇത് റൂൾസ് ഉണ്ടാക്കുന്ന അവസരത്തിൽ തീർച്ചയായിട്ടും അപേക്ഷ പരിഗണിക്കുകയാണെങ്കിൽ അതനുസരിച്ച് ആർക്കെല്ലാം ചെല്ലുമെന്നു നോക്കിയിട്ട് അതിനുള്ള റൂൾസ് കൊണ്ടുവരണമെന്നാണെന്റെ അഭിപ്രായം. അപ്പോൾ ഈ പറയുന്നതരത്തിലുള്ള ബദ്ധപ്പാട് ഉണ്ടാകാനിടയില്ല. ഇന്നു നടന്നുകൊണ്ടിരിക്കുന്ന വ്യവസ്ഥയനുസരിച്ചും നടപ്പനുസരിച്ചും അഞ്ചുശതമാനം റെസ്ട്രിക്ഷൻ ഉള്ള ഗ്രാറ്റുവിറ്റി വ്യവസായസ്ഥാപനങ്ങളിൽത്തന്നെ ഇങ്ങനെയൊരു ബദ്ധപ്പാടു വന്നിട്ടില്ല. ഗ്രാറ്റുവിറ്റി വാങ്ങുന്നത് സമരമുറയായി എടുക്കുകയും.....

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ആക്റ്റിൽ കൃത്യമായ വ്യവസ്ഥ ഉണ്ടാക്കിവച്ചതിനുശേഷം അതിനു വിരുദ്ധമായരീതിയിൽ വ്യവസ്ഥയുണ്ടാക്കിയാൽ എങ്ങനെയാണ്?

ശ്രീ. പി. രാമലിംഗം: റിസൈൻചെയ്യുന്നവർക്കു ഗ്രാറ്റുവിറ്റി കൊടുക്കാമെന്നുതന്നെയാണു പറഞ്ഞിട്ടുള്ളത്. എങ്ങനെയാണ് കൊടുക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതിനെസംബന്ധിച്ചിടത്തോളം പിന്നീടു വരുകയുണ്ടാകുന്നതാണ്. അഞ്ചു ശതമാനം ആളുകൾക്ക് അവരുടെ സർവ്വീസിന്റെ ലെംഗ്ത് അനുസരിച്ചു വച്ചു കൊണ്ടു ഗ്രാറ്റുവിറ്റി കൊടുക്കുമെന്നുവരുന്നകാലത്ത് ആർക്കെങ്കിലും ഗ്രാറ്റുവിറ്റി കിട്ടാതെവരുമെങ്കിൽ അത് ഈ വ്യവസ്ഥകൊണ്ടാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നാണെന്റെ അഭിപ്രായം. അതുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. ഇ. ബാലാനന്ദൻ: സർ, ഈ ഭേദഗതിയെസംബന്ധിച്ച് പറയുമ്പോഴും അഞ്ചുശതമാനം റെസ്ട്രിക്ഷൻ ഇംപോസ് ചെയ്യണമെന്നു പറഞ്ഞത് മനസ്സിലായില്ല. ശ്രീ. രാമലിംഗം പറഞ്ഞതുപോലെ അങ്ങനെ വ്യവസ്ഥയുള്ള സ്ഥലത്ത് ആരും ഒരു സമരമെന്നുള്ള നിലയിൽ റിസൈൻ ചെയ്തിട്ടില്ല. അതുകൊണ്ട് അങ്ങനെ ഇല്ലാത്ത ഒരുകാര്യം വ്യവസ്ഥയിൽ ഈ 5 കൊല്ലം എന്നു പറയുന്നതെന്തിനാണ്? രണ്ടാമത്തെകാര്യം ഇതിനകത്ത് നോട്ടീസ് വേണമെന്നു പറയുന്നുണ്ട്. ആ കണ്ടീഷൻ അക്സെപ്റ്റു ചെയ്യേണ്ടതാണ്. നമ്മുടെ രാജ്യത്ത് തൊഴിൽ ആഗ്രഹിക്കുന്നവരാണ് തൊഴിലാളികളും. തൊഴിൽ ഉപേക്ഷിച്ച്.....

ശ്രീ. പി. എസ്. ശ്രീനിവാസൻ: സമരത്തിനുവേണ്ടിമാത്രമല്ലാതെയും രാജിവയ്ക്കാമല്ലോ. വേറെ നല്ല ജോലി കിട്ടുമെന്നുള്ള പ്രതീക്ഷയിലോ മറ്റോ രാജിവയ്ക്കാൻവയ്യേ?

ശ്രീ. ഇ. ബാലാനന്ദൻ: അങ്ങനെ പലതും ഉണ്ടാകാം. നടന്നു പോകുന്നവഴിക്ക് ആന വന്ന് ഇടിക്കുമെന്നു വിചാരിക്കാം. ഇങ്ങനെ അബദ്ധം പറയുന്നതിൽ വിരോധമില്ല. ഒരു പ്രത്യേകരീതിയിൽ വ്യവസായ സ്ഥാപനമുണ്ടോ? ഈ നിയമമനുസരിച്ച് റിസൈൻ ചെയ്യണമെങ്കിൽ നോട്ടീസ് വേണം. നോട്ടീസു കൊടുത്തില്ലെങ്കിൽ ഒരു മാസത്തെ ശമ്പളം പിടിക്കാമെന്നു വ്യവസ്ഥയുണ്ട്. അതിനപ്പുറത്തുള്ള വ്യവസ്ഥ ഉണ്ടാക്കേണ്ട കാര്യമില്ല. മാത്രമല്ല, ഒരൊറ്റ വ്യവസായസ്ഥാപനത്തിലും ഈ റെസ്ട്രിക്ഷൻ ഒന്നോ രണ്ടോ ഇരുപതോ ശതമാനത്തെ സംബന്ധിച്ച് ഇപ്പോഴാണ് ഞാൻ മനസ്സിലാക്കുന്നത്. ബാക്കിയുള്ള സ്ഥലത്തൊന്നും ശതമാനവ്യവസ്ഥയില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: രാജിവച്ചുപോകുന്ന തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി വർദ്ധിപ്പിച്ചിട്ടുള്ള ഏതു വ്യവസായസ്ഥാപനമുണ്ട്?

ശ്രീ. ബാലാനന്ദൻ: രണ്ടോ മൂന്നോ വ്യവസായസ്ഥാപനങ്ങളുണ്ട് അവിടെ അഞ്ചുകൊല്ലമല്ല പത്തുകൊല്ലമാണ്. എന്നു രാജിവച്ചാലും ഗ്രാറ്റുവിറ്റി കിട്ടും. ചില പ്രത്യേക കാരണങ്ങളാൽ രാജിവച്ചുപോകുകയാണെങ്കിൽ അയാളെ സംബന്ധിച്ചു വ്യവസ്ഥയുണ്ട്. അതല്ലാതെ വ്യവസായത്തിൽ വന്നാൽ എംപ്ലോയർക്ക് ഒന്നും നഷ്ടപ്പെടുന്നില്ല. തൊഴിലാളി സ്വന്തം സർവ്വീസുകൊണ്ട് അയാൾക്കു ലഭിക്കാത്ത ഒരു അവകാശം ലഭിച്ചു എന്നുള്ളതിൽക്കവിഞ്ഞു വേറെ അബദ്ധം വരുന്നില്ല. അതുകൊണ്ട് ഈ ഭേദഗതിയിൽ നോട്ടീസിനെസംബന്ധിച്ചുള്ള വ്യവസ്ഥ ഒഴിച്ചു മറ്റൊന്നും ആവശ്യമില്ലെന്നാണു ഞാൻ പറയുന്നത്.

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): സർ, പിരിഞ്ഞു പോകുന്നതിന് ഒരു നിയന്ത്രണം വയ്ക്കേണ്ടത് ആവശ്യമാണെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. [പിരിഞ്ഞുപോകുന്നില്ലെന്നാണ് ശ്രീ. ബാലാനന്ദൻ പറയുന്നതെങ്കിൽ ഈ വകുപ്പു പ്രാബല്യത്തിൽവരികയില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതു പരിശോധിച്ചിട്ടാണ് ഇവിടെ ഭേദഗതി മുന്നോട്ടുവച്ചിട്ടുള്ളത്. ഇപ്പോൾ ഈ കംപ്രോസിൽ എന്റെ ഭേദഗതിയുടെ ഒരു ഭാഗത്തിനു പകരം ഒരു ഭേദഗതി ശ്രീ. മജീദ് അവതരിപ്പിച്ചിരുന്നു. ആ ഭേദഗതി ഗവൺമെന്റു സ്വീകരിക്കുകയാണ്. ഈ ഭേദഗതി പാസ്സാക്കിത്തരണമെന്നു അഭ്യർത്ഥിക്കുന്നു.

The amendment moved by Shri C. B. Chandrasekhara Warrier was put and lost.

The following amendment moved by Shri T. A. Majid, viz.,

"In clause 4, delete the second proviso in the amendment of the Minister and substitute the following:—

"Provided further that an employee who voluntarily retires or resigns from service shall be eligible to claim gratuity only if one month's notice in writing of his intention so to retire or resign had been given to the employer."

was put carried.

The Amendment moved by the Hon. Minister as modified by the Amendment moved by Shri T. A. Majid viz.,

In clause 4, the following provisos shall be added at the end:—

"Provided also that in the case of voluntary retirement or resignation from service in any particular year, not more than five percent of the total number of employees in the factory, plantation, establishment or undertaking shall be entitled to payment of gratuity and if the number of employees who voluntarily retire or resign from service exceeds five per cent of the total number of employees, the eligibility of an employee for payment of gratuity shall be determined on the basis of the length of the service of the employee in the factory, plantation, establishment or undertaking:

Provided further that an employee who voluntarily retires or resigns from service shall be eligible to claim gratuity only if one month's notice in writing of his intention so to retire or resign had been given to the employer."

was put carried.

The question that Clause 4, as amended, stands part of the Bill was put and carried.

Clause 4, as amended, was added to the Bill.

Clause 5

Minister for Industries & Labour (**Shri P. Ravindran**):

Sir, I move:

In clause 5, in the 3rd line delete the word "or" and insert the words "or undertaking" after the word "establishment" and in the 6th line delete the word "or" and insert the words "or undertaking" after the word establishment.

The amendment was put and carried.

The question that clause 5, as amended, stands part of the Bill was put and carried.

Clause 5, as amended, was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clauses 6 to 13

The question that clauses 6 to 13 stand part of the Bill was put and carried.

Clauses 6 to 13 were added to the Bill.

Clause 1

Minister for Industries & Labour (**Shri P. Ravindran**): Sir, I move.

In the proviso to clause 1, in line 4 delete the word "or" and insert the words "or undertaking" after the word "establishment".

The Amendment was put and carried.

The question that clause 1, as amended, stands part of the Bill was put and carried.

Clause 1, as amended, was added to the Bill.

Preamble

Minister for Industries & Labour (**Shri P. Ravindran**): Sir, I move;

In the enacting formula for the word "Twentieth" the word "Twenty-first" shall be substituted.

The Amendment was put and carried.

The question that the preamble, as amended, stands part of the Bill was put and carried.

The preamble, as amended, was added to the Bill.

Title

The question that the Title stands part of the Bill was put and carried

The Title was added to the Bill.

Minister for Industries & Labour (**Shri P. Ravindran**): Sir, I move that the Kerala Industrial Employees' Payment of Gratuity Bill, 1970 be finally passed.

Minister for Education and Home (**Shri C. H. Mohammed Koya**): Sir, I second it.

The question that the Kerala Industrial Employees' Payment of Gratuity Bill, 1970 be finally passed was put and carried.

The Bill was finally passed.

Mr. Speaker: Now there are only five minutes. I think we will take up the next item tomorrow. We will now adjourn and meet again tomorrow at 8 a.m.

The Assembly adjourned at 12.55 p.m. to meet again at 8 a.m. on Thursday, the 29th January, 1970.

LIBRARY ARCHIVES Kerala Legislative Assembly